"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ്- പുനർഗേഹം പദ്ധതി- ശ്രീമതി റോവിലി രാജേഷ്, പുറക്കാട് എന്ന വ്യക്തിയെ മണ്ണംപുറം ഫ്ലാറ്റിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.145/2026/F&P    തീയതി,തിരുവനന്തപുരം, 20-02-2026

---

പരാമർശം:-

1. ശ്രീമതി റോവിലി രാജേഷ്, പുറക്കാട് 13/10/2025 ൽ സമർപ്പിച്ച അപേക്ഷ.
2. ഫിഷറീസ് ഡയറക്ടറുടെ 12/02/2026-ലെ DFTVM/3657/2025-S1PIU നമ്പർ കത്ത്.

**ഉത്തരവ്**

പുനർഗേഹം പദ്ധതി പ്രകാരം നിർമ്മാണം പുരോഗമിച്ചു വരുന്ന ആലപ്പുഴ ജില്ലയിലെ മണ്ണംപുറം ഫ്ലാറ്റ് സമുച്ചയത്തിലേക്കുള്ള ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി റോവിലി രാജേഷ്, പുറക്കാട് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2) അപേക്ഷക തോട്ടപ്പള്ളി മത്സ്യഗ്രാമത്തിലെ A6/A/6254 നമ്പർ അനുബന്ധ മത്സ്യത്തൊഴിലാളിയാണ്. ടിയാളുടെ ഭർത്താവ് ഹാർബറിലെ ചുമട്ടുതൊഴിലാളിയാണ്. അപേക്ഷകയും കുടുംബവും വർഷങ്ങളായി കായൽ തീരത്ത് പുറമ്പോക്കിൽ ഷെഡിലാണ് താമസിക്കുന്നത്. കായലിന്റെ കൽക്കെട്ട് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ ഇവരോട് അവിടെ നിന്നും മാറി താമസിക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീമതി. റോവിലി രാജേഷ് പുനർഗേഹം സർവ്വേ ലിസ്റ്റിലോ ലൈഫ് മിഷനിൽ നിന്നും ലഭ്യമാക്കിയ ഭൂരഹിത ഭവനരഹിത ലിസ്റ്റിലോ അതിദരിദ്രരുടെ ലിസ്റ്റിലോ ഉൾപ്പെട്ടിട്ടില്ലെന്നും, ആയതിനാൽ നിലവിലെ മാർഗരേഖ പ്രകാരം അപേക്ഷകയെ മണ്ണംപുറം ഫ്ലാറ്റിലേക്ക് ഗുണഭോക്താവായി പരിഗണിക്കാൻ കഴിയുകയില്ലെന്നും ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. മാനുഷിക പരിഗണന നൽകി, പ്രത്യേക കേസായി പരിഗണിച്ച്, മാനദണ്ഡങ്ങളിൽ ഇളവ് നൽകി ശ്രീമതി. റോവിലി രാജേഷ്, പുറക്കാട് എന്ന വ്യക്തിയെ മണ്ണംപുറം ഫ്ലാറ്റിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ഫിഷറീസ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAMEER KUMAR O J**

ജോയിന്റ് സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ,വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി. (സി2/58/2026/മതുവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by

Sabitha Shiju

സെക്ഷൻ ഓഫീസർ

Date: 21-02-2026 10:09:49